# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5323:** **05/07/2012- ൽ മറുപടിക്ക്**

**പ്രധാന മന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതി**

**ചോദ്യം** **ഉത്തരം**

**ശ്രീ. വി.ശശി :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രധാനമന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഭാരത സർക്കാരിന്റെ സൂക്ഷ്മ-ചെറുകിട-മധ്യമ വ്യവസായ മന്ത്രാലയം നടപ്പാക്കുന്ന പ്രസ്തുത പദ്ധതി ദേശീയ തലത്തിൽ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ (കെ വി ഐ സി) നടപ്പാക്കി വരുന്നു. കേരളത്തിൽ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ ഖാദി ഗ്രാമ വ്യവസായ ബോർഡ് (കെവിഐബി), ജില്ലാ വ്യവസായ കേന്ദ്രങ്ങൾ (ഡിഐസി) എന്നീ ഏജൻസികൾ മുഖേന ഗ്രാമ, നഗര വ്യത്യാസ മില്ലാതെ പദ്ധതി നടപ്പിലാക്കി വരുന്നു. ഉൽപ്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെയും സേവനം പ്രദാനം ചെയ്യുന്നവയ്ക്ക് 10 ലക്ഷം രൂപ വരെയുമാണ് പരമാവധി പദ്ധതി ചെലവ്.<br><br>അപേക്ഷ ഫോറം ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ (കെ വി ഐ സി), ഖാദി ഗ്രാമ വ്യവസായ ബോർഡ് (കെ വി ഐ ബി), ജില്ലാ വ്യവസായ കേന്ദ്രങ്ങൾ (ഡിഐസി) അംഗീകൃത ബാങ്കുകൾ എന്നിവിടങ്ങളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ പദ്ധതി രൂപരേഖയുമായി അതാതിടങ്ങളിൽ സമർപ്പിക്കാവുന്നതാണ്. ഗുണഭോക്താവ് സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | നിന്നും ലഭ്യമാണ്. നിലവിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലുള്ള Entrepreneur's Guidance Cell-കളിലും വകുപ്പിന്റെ തിരുവനന്തപുരത്തുള്ള ലൈബ്രറികളിലും മാതൃകാ പ്രോജക്ട് റിപ്പോർട്ടുകൾ വായനയ്ക്കായി സംരംഭകർക്ക് സൗജന്യമായി ലഭിക്കുന്നതാണ്.<br><br>വ്യവസായ സംരംഭങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ വേണ്ട സാങ്കേതിക ഉപദേശങ്ങൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയും വ്യവസായ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രൊമോഷണൽ ഏജൻസികൾ വഴിയും നൽകി വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിക്ക് ഏതെല്ലാം സ്ഥാപനങ്ങളാണ് സാമ്പത്തിക സഹായം നൽകുന്നതെന്ന് അറിയിക്കുമോ? | (ഡി) | ഗുണഭോക്താവ് സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ സാങ്കേതികക്ഷമതയും സാമ്പത്തികഭദ്രതയും പരിഗണിച്ച് ജില്ലാതല ടാസ്ക്ഫോഴ്സ് കമ്മിറ്റിയാണ് അംഗീകാരം നൽകുന്നത്. അംഗീകാരം ലഭിച്ച പദ്ധതിക്ക് മൊത്തം ചെലവിന്റെ 90-95% വരെ ബാങ്ക് വായ്പ നൽകുന്നു.<br><br>പൊതുമേഖലാ ബാങ്കുകൾ, റീജിയണൽ ഗ്രാമീണ ബാങ്കുകൾ, കർമ്മ സമിതി അംഗീകരിച്ച സഹകരണ ബാങ്കുകൾ, സ്വകാര്യ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ, സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ് ഐ ഡി ബി ഐ) തുടങ്ങിയ സ്ഥാപനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**